(ബി) കണ്ണൂർ ജില്ലയിൽ എത്ര പേർക്ക് എത്ര രൂപയുടെ ധനസഹായം നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കണ്ണൂർ ജില്ലയിലെ പെരിങ്ങളം നിയോജകമണ്ഡലത്തിൽ നിന്നും എത്ര അപേക്ഷ ലഭിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ഡി) അതിൽ എത്ര പേർക്ക് എത്ര വീതം ധനസഹായം കൊടുത്തു എന്ന് പേര് സഹിതം വ്യക്തമാക്കാമോ;

(ഇ) ബാക്കിയുള്ള അപേക്ഷകർക്ക് എന്ന് ധനസഹായം ലഭിക്കുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഇതുവരെ 13,80,79,894 രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിൽ 1208 പേർക്കായി 58,78,900 രൂപ അനുവദിച്ചിട്ടുണ്ട്.

(സി, ഡി ആന്റ് ഇ) നിയോജകമണ്ഡലാടിസ്ഥാനത്തിൽ കണക്ക് ലഭ്യമല്ല.

ദുരിതാശ്വാസ നിധിയിൽനിന്നും സഹായത്തിനായി സമർപ്പിച്ച അപേക്ഷ

105 [1580] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിലെ കൊളവല്ലൂർ അംശം തുവക്കുന്ന് ദേശത്ത് നെല്ലിയുള്ള പറമ്പത്ത് പവിത്രൻ, എൻ. പി. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും സഹായത്തിനായി 13-3-2002-ൽ സമർപ്പിച്ച അപേക്ഷയിൽ (നമ്പർ 14149/ജെ3/02/റവ.) ഇതുവരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ അപേക്ഷ പ്രകാരം ശ്രീ. പവിത്രന് ധനസഹായം എന്ന് ലഭ്യമാക്കുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) റിപ്പോർട്ടിനായി അപേക്ഷ കണ്ണൂർ ജില്ലാ കളക്ടർക്ക് അയച്ചിട്ടുണ്ട്.

(ബി) ജില്ലാ കളക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly